പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2472

13.02.2013 - ൽ മറുപടിയ്ക്ക്

## വ്യവസായ പാർക്കുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം. ഹംസ** | | **ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഓരോ ജില്ലയിലും ഓരോ വ്യവസായ പാർക്ക് എന്ന പ്രഖ്യാപനം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ, ഏതെല്ലാം ജില്ലകളിൽ ഇതിന്റെ ഭാഗമായി വ്യവസായ പാർക്കുകൾ സ്ഥാപിച്ചു; വിശദാംശം ലഭ്യമാക്കുമോ; | : | (എ), (ബി), ഓരോ ജില്ലയിലും ഓരോ വ്യവസായ പാർക്ക് എന്ന പ്രഖ്യാപനമില്ല. എന്നാൽ കിൻഫ്രയുടെയും സിഡ്കോയുടെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യവസായ പാർക്കുകൾ പ്രവർത്തിച്ചുവരുകയോ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുകയോ ചെയ്യുന്നുണ്ട്. |
| (ബി) പ്രസ്തുത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയത്; പ്രസ്തുത ഏജൻസി ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | : | |
| (സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ എവിടെയാണ് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ? | : | പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് കിൻഫ്ര ഒരു ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റയിൽ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഒറ്റപ്പാലത്തും കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ